LIBRARY ARCHIVES Kerala Legislative Assembly

തലപ്പള്ളി താലൂക്കിലെ കുരുമുളക് കർഷകർക്ക് നഷ്ടപരിഹാരം

73 [2937] ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പള്ളി താലൂക്കിൽ വ്യാപകമായി കുരുമുളകിന് രോഗം ബാധിച്ചു നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു തടയാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കൃഷിനാശം സംഭവിച്ച കുരുമുളക് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കുരുമുളകിന് പൊതുവെ ചെറിയ തോതിൽ മാത്രം കാണപ്പെട്ടിട്ടുള്ള രോഗബാധയ്ക്ക് രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കാൻ കർഷകർക്ക് കൃഷി ഭവനുകൾവഴി നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) രോഗബാധമൂലം കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ പദ്ധതികളില്ല. എന്നാൽ പ്രകൃതിക്ഷോഭം മൂലം കുരുമുളകു കൃഷി നശിച്ച കർഷകർക്ക് അനുവദനീയമായ നഷ്ടപരിഹാരം നൽകുന്നുണ്ട്.

വീയപുരം പഞ്ചായത്തിൽ നബാർഡ് ധനസഹായത്തോടെയുള്ള പ്രവർത്തനങ്ങൾ

73 [2938] ഡോ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര വികസന ഏജൻസിയിലൂടെ നബാർഡ് ധനസഹായത്തോടെ വീയപുരം പഞ്ചായത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഇവയിൽ ഓരോന്നിന്റേയും പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവർത്തനങ്ങൾ ഏറ്റവും വേഗം പൂർത്തീകരിക്കുന്നതിന് കെ.എൽ.ഡി.സി.-യ്ക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ വീയപുരം പഞ്ചായത്തിലെ 16 പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ഇപ്പോൾ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു.

(ബി) മേൽപ്പറഞ്ഞ 16 പാടശേഖരങ്ങളിൽ അച്ചനേരി, കുട്ടൻകേരി പാടശേഖരത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. മുണ്ടുതോട്, പോളത്തുരുത്ത്, മുപ്പായിക്കേരി, മുട്ടുംപാട്, പാവടി പുറക്കേരി, ചെക്കോമക്കേരി എന്നീ പാടശേഖരങ്ങളുടെ ശേഷിക്കുന്ന ബണ്ട് പണി പുരോഗമിക്കുന്നു. കരിക്കമൺ-പുത്തൻനിലം വലിയകോയിത്തുരുത്ത് കരിപ്പോലിൻ കിഴക്കുവശം, എളവന്താനം-പള്ളിവാതുക്കൽ, പാടിശ്ശേരി പള്ളം എന്നീ അഞ്ച് പാടശേഖരങ്ങളുടെ ബണ്ട് പണി മാത്രം ആരംഭിച്ചിട്ടില്ല. ഈ സീസണിലെ വലിയ മഴ കഴിഞ്ഞാൽ പുനരാരംഭിക്കുന്നതാണ്. പ്രായത്തേരി-മണിയങ്കേരി, പാമ്പനം-വെള്ളൂർക്കരി, പോട്ടകളക്കാട്, കരിപ്പാടം, വെട്ടുപുതുക്കേരി എന്നീ 5 പാടശേഖരങ്ങളുടെ പണികൾ പുരോഗമിക്കുന്നു. ശേഷിക്കുന്ന കട്ടക്കുഴി തേവേരി പാടശേഖരത്തിലെ പണികൾ കൃഷിക്കാരുടെ താൽപ്പര്യമില്ലായ്മ മൂലം തുടങ്ങുവാൻ സാധിച്ചിട്ടില്ല.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

മണ്ണു സംരക്ഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

75 [2939] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, ജോർജ് ജെ. മാത്യു:
,, എ. സുജനപാൽ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുസംരക്ഷണ വിഭാഗം ഇപ്പോൾ ഏതെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത്;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് മണ്ണുസംരക്ഷണ പദ്ധതിയിൽ നടപ്പിലാക്കി വരുന്നത്;

(സി) മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഗുണഭോക്താക്കൾക്ക് എന്തെല്ലാം ചെലവ് നിർവ്വഹിക്കേണ്ടതായി വരുന്നു;

(ഡി) മണ്ണുസംരക്ഷണം നടത്തിയ വകയിൽ ഗുണഭോക്താക്കളിൽനിന്നും എന്തു തുക പിരിഞ്ഞു കിട്ടുവാനുണ്ടെന്നു പറയാമോ?

ഉത്തരം

(എ) മണ്ണുസംരക്ഷണ വിഭാഗം നടപ്പു സാമ്പത്തിക വർഷം സംസ്ഥാനതല പദ്ധതികളായ നീർമറി പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണു-ജല സംരക്ഷണം (നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതി), മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി, ജലവിതരണ പദ്ധതികളുടെ റിസർവോയറുകളു

LIBRARY ARCHIVES Kerala Legislative Assembly